പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1945 — 10.03.2020 ൽ മറുപടിയ്ക്ക്

## സിവിൽ സപ്ലൈസ് ഗോഡൗണുകൾ നവീകരിക്കൽ

ചോദ്യം
ശ്രീ.പുരുഷൻ കടലുണ്ടി

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ സിവിൽ സപ്ലൈസ് ഗോഡൗണുകളിലും ഭക്ഷ്യ ധാന്യങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ ലഭ്യമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | സ്റ്റേറ്റ് വെയർ ഹൌസിങ്/ സെൻട്രൽ വെയർ ഹൌസിങ് കോർപ്പറേഷനുകളുടെ ഗോഡൗണുകളിലും സപ്ലൈകോയുടെ സ്വന്തം ഗോഡൗണുകളിലും ഭക്ഷ്യധാന്യങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് സൗകര്യം ലഭ്യമാണ്. |
| (ബി) | ഭക്ഷ്യധാന്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി സിവിൽ സപ്ലൈസ് ഗോഡൗണുകൾ നവീകരിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | ഭക്ഷ്യധാന്യ സംഭരണത്തിനായി, സപ്ലൈകോ നിലവിൽ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ, സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷൻ, സ്വകാര്യവ്യക്തികൾ എന്നിവരിൽ നിന്ന് ഗോഡൗണുകൾ വാടകയ്ക്ക് എടുത്തും കൂടാതെ സപ്ലൈകോ/ സർക്കാർ ഉടമസ്ഥതയിലുള്ള ഗോഡൗണുകളും ഉപയോഗിച്ചുവരുന്നു. 3.9 കോടി രൂപ അടങ്കൽ തുകയ്ക്ക് തിരുവനന്തപുരത്ത് വലിയതുറയിലും, 5.56 കോടി രൂപ അടങ്കൽ തുകയ്ക്ക് കൊല്ലത്തും, 6.43 കോടി രൂപ അടങ്കൽ തുകയ്ക്ക് തിരുവല്ലയിൽ രണ്ട് ഗോഡൗണുകൾ നിർമ്മിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ വലിയതുറ ഗോഡൗണിന്റെ നിർമ്മാണം പൂർത്തീകരണഘട്ടത്തിലാണ്. തിരുവല്ല-1, കൊല്ലം എന്നീ ഗോഡൗണുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. തിരുവല്ല ഗോഡൗൺ-2 ന് ടെൻഡർ വിളിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കൊച്ചിയിൽ 6 കോടി രൂപ അടങ്കൽ തുകയ്ക്കുള്ള ഗോഡൗൺ നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും |

| | | | |
|---|---|---|---|
| | | | M/S. HITES നെ കൺസൾട്ടന്റായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ടെൻഡറിനുള്ള പ്രാരംഭനടപടികൾ നടന്നു വരുന്നു.<br>സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള തിരുവനന്തപുരം, കൊല്ലം, കൊട്ടാരക്കര, ആലപ്പുഴ, മൂന്നാർ, പീരുമേട്, മാനന്തവാടി, കൊച്ചി എന്നിവിടങ്ങളിലുള്ള ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുവാനാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ